'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശശിധരൻ നായർ പി.പി. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.619/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/03/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 09.04.2014-ലെ ഇ5(എസ് സി37/2013/കെടിഎം) 38521/2013നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 06.05.2014-ലെ 5131/ഡി3/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 16.08.2014-ലെ 37197/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ഒ.എസ്. വീരേന്ദ്രൻ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക

5 ശ്രീ. ശശിധരൻ നായർ പി.പി. സമർപ്പിച്ച 15.06.2015-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 21.06.2018-ലെ ഡി5-35230/2014 നമ്പർ കത്ത്

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോയ്ക്ക് ലഭിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ പുന്നത്തറ, കട്ടച്ചിറ എന്നീ സ്ഥലങ്ങളിൽ ലൈസൻസില്ലാതെ മൺകട്ട നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തുകയും ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മൺകട്ട നിർമ്മാണ യൂണിറ്റുകൾക്കെതിരെ ധാരാളം പരാതികൾ ലഭിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് അധികൃതർ യാതൊരു വിധത്തിലുള്ള നടപടികളും സ്വീകരിച്ചില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ടി വീഴ്ചകൾക്കുത്തരവാദികളായ എറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശശിധരൻ നായർ, എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശശിധരൻ നായർ പി.പി, എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. ഒ.എസ്. വീരേന്ദ്രൻ, ശ്രീ. ശശിധരൻ നായർ എന്നിവർ പരാമർശം (4), (5)

പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. ശശിധരൻ നായർ പി.പി. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായിരിക്കെ 01.12.2012 മുതൽ 10.01.2013 വരെയും അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ 01.02.2014 മുതൽ 04.06.2014 വരെയും സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്നുവെന്നും 2012-13 കാലയളവിൽ 4 ഇഷ്ടിക നിർമ്മാണ ലൈസൻസ് നൽകിയിട്ടുള്ളതായി, ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നുവെന്നും എന്നാൽ ടി ലൈസൻസ് നൽകയിട്ടുള്ളത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ.കെ. ശശിധരൻ ആണെന്ന് രജിസ്റ്ററിലെ ഇനിഷ്യൽ വ്യക്തമാക്കുന്നുണ്ടെന്നും ഈ കാലയളവിൽ ആരോപണവിധേയനായ ശ്രീ. പി.പി. ശശിധരൻ നായർ കെട്ടിടനിർമ്മാണ ലൈസൻസുകളൊന്നും നൽകിയിട്ടില്ലാത്തതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ ഇഷ്ടികക്കളങ്ങൾക്ക് താൻ ലൈസൻസ് നൽകിയിട്ടില്ലായെന്നും അനധികൃതമായി പ്രവർത്തിച്ചിരുന്ന ഇഷ്ടികക്കളങ്ങൾ അടച്ചു പൂട്ടുന്നതിന് നിയമാനുസൃത നോട്ടീസ് നൽകയിട്ടുള്ളതാണെന്ന് ശ്രീ. പി പി ശശിധരൻ നായർ ബോധിപ്പിച്ചിട്ടുള്ളതായും വിജിലൻസിന്റെ 20.12.2013 തീയതിയിൽ നടന്ന ആകസ്മിക പരിശോധനാ സമയത്ത് ശ്രീ. പി പി. ശശിധരൻ നായർക്ക് സെക്രട്ടറിയുടെ അധികചുമതല ഇല്ലായിരുന്നു എന്നതിനാലും അസിസ്റ്റന്റ് സെക്രട്ടറി എന്ന നിലയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ചുമതലകളാണ് ടിയാൻ വഹിച്ചിരുന്നത് എന്നതിനാലും 20.12.2013 കാലയളവിൽ വെറും 40 ദിവസം മാത്രമാണ് സെക്രട്ടറിയുടെ ചാർജ്ജ് ശ്രീ.പി പി ശശിധരൻ നായർ വഹിച്ചിരുന്നത് എന്നതും റിട്ടയർ ചെയ്ത് 2 വർഷം കഴിഞ്ഞു എന്നതും പരിഗണിച്ച് ശ്രീ. ശശിധരൻ നായരെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ 11.01.2013 മുതൽ 31.01.2014 വരെ കാലയളവിലാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ശ്രീ. ഒ.എസ്. വീരേന്ദ്രൻ സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും 2012-13, 2013-14 കാലയളവിൽ ഇഷ്ടികച്ചൂളകൾ പ്രവർത്തിച്ചിരുന്നില്ലായെന്ന് ടിയാന്റെ എതിർവാദപത്രികയിൽ പറഞ്ഞിട്ടുള്ളത് യാഥാർത്ഥ്യമല്ലെന്നും 2012-13ൽ 4 ഇഷ്ടിക നിർമ്മാണ ലൈസൻസ് ശ്രീ. കെ.കെ. ശശിധരൻ മുൻ സെക്രട്ടറി നൽകിയതായി ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടതായും പഞ്ചായത്തിലെ കട്ടച്ചിറ, പുന്നത്തറ ഭാഗങ്ങളിൽ അനധികൃത ഇഷ്ടിക നിർമ്മാണം നടക്കുന്നതായി പരിശോധനയിൽ ബോദ്ധ്യപ്പെടുകയുണ്ടായിയെന്നും ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിലാണ് ടി നിർമ്മാണ ജോലികൾ നടക്കുന്നത് എന്നതിനാൽ നിർമ്മാണം പൂർത്തിയായി വിൽപനക്ക് തയ്യാറാക്കിയിട്ടുള്ള ഇഷ്ടികക്കളങ്ങളാണ് പരിശോധനയിൽ കാണപ്പെട്ടതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസിന്റെ 20.12.2013 തീയതിയിൽ നടന്ന ആകസ്മിക പരിശോധനാ സമയത്ത് ശ്രീ. ഒ.എസ്. വീരേന്ദ്രൻ സെക്രട്ടറി ആയിരുന്നെങ്കിലും (11.01.2013 മുതൽ 31.01.2014) വരെ 2012-13-ൽ 4 ഇഷ്ടിക നിർമ്മാണ യൂണിറ്റിന് ലൈസൻസ് നൽകിയത് മുൻ സെക്രട്ടറി ആയത് കൊണ്ടും ടിയാന്റെ കാലയളവിൽ അനധികൃത മൺകട്ട നിർമ്മാണം സംബന്ധിച്ച പരാതികൾ ലഭിക്കാത്തത് കൊണ്ടും ടിയാനെതിരെ തുടർനടപടി സ്വീകരിക്കേണ്ടതില്ലായെന്ന് കാണുന്നു. ശ്രീ. ശശിധരൻ നായർ പി.പി. 29.02.2016-ലും ശ്രീ. ഒ.എസ്. വീരേന്ദ്രൻ 31.05.2015-ലും സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.

**File No.LSGD-EPB2/166/2015-LSGD**

ഒ.എസ്. വീരേന്ദ്രൻ 31.05.2015-ലും, ശ്രീ. ശശിധരൻ നായർ പി.പി. 29.02.2016-ലും സേവനത്തിൽ നിന്നും വിരമിച്ചതും പരിഗണിച്ച് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ശശിധരൻ നായർ പി.പി. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹന്ദാസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
3. ശ്രീ. ശശിധരൻ നായർ പി.പി, മുൻ അസിസ്റ്റന്റ് സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.786/2018-വിജി. തീയതി 19.11.2018)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/166/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ